# കേരരക്ഷയ്ക്ക് കൂട്ടായ്മകൾ

**നെല്ലിലെ പാടശേഖര സമിതികൾക്കു സമാന മായ ക്ലസ്റ്ററുകൾ രൂപീക രിച്ച് കേരളത്തിലെ നാളി കേരക്കൃഷിയുടെ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനുള്ള പദ്ധതി നടപ്പിലാകുന്നു.**

പാടശേഖരസമിതികൾക്കും പച്ചക്കറിയിലെ ഹരിത സംഘങ്ങൾക്കും കുരുമുളക് സംരക്ഷണ സമിതികൾക്കും ശേഷം കൂട്ടായ്മയിലൂടെ പുതിയ മുന്നേറ്റം കുറിക്കാൻ തെങ്ങും തയാറെടുക്കുന്നു. നാളികേരത്തിന്റെ ഉൽപാദന ക്ഷമതയിൽകേരളത്തിന്റെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാനായി ഡോ: എം.എസ്. സ്വാമിനാഥന്റെ ശുപാർശയോടെ നടപ്പിലാക്കിയ നാളികേര ക്ലസ്റ്ററുകളാണ് കൂട്ടായ്മ പരമ്പരയിലെ പുതിയ ഇനം.

തൊണ്ണൂറു ശതമാനത്തിനു മേൽ തെങ്ങിൻതോപ്പുകളും തുണ്ടുതുണ്ടായി കിടക്കുന്ന കേരളത്തിൽ കൃഷി ശാസ്ത്രീയമാക്കുന്നത് ഏറെ ബുദ്ധിമുട്ടായിരുന്നു. ഈ പ്രശ്നം പരിഹരിക്കാനും നാളികേര കൃഷി മേഖലയിൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണ് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പുതിയ പ്രവർത്തന പദ്ധതി. ഈ പുത്തൻ കൂട്ടായ്മ അതിന്റെ പ്രവർത്തന സംവിധാനം കൊണ്ടു തന്നെ ചെറുകിട കർഷകരുടെ നാളികേര എസ്റ്റേറ്റ് എന്നറിയപ്പെട്ടു. (ടാമഹഹ എമ്യാല്യെ ഈരീൗ ളമൈല).

സാധാരണ ഗതിയിലുള്ള ഒരു എസ്റ്റേറ്റിൽ എല്ലാ കാര്യങ്ങളും പൊതുവായി നടപ്പിലാക്കാൻ ഒരു എസ്റ്റേറ്റ് മാനേജർ ഉണ്ടാകും. അദ്ദേഹത്തിന്റെ കീഴിൽ വിവിധ





കാര്യങ്ങളിൽ മേൽനോട്ടം വഹിക്കാനുള്ള സംവിധാനവുമുണ്ടാകും. അതുകൊണ്ടു തന്നെ എല്ലാ പ്രവർത്തനങ്ങളും ചിട്ടയോടെ നടക്കുന്നു. ഒന്നും പിന്നത്തേക്ക് മാറ്റിവെക്കപ്പെടുന്നില്ല.

ഒരു എസ്റ്റേറ്റിൽ എന്നപോലെ തെങ്ങിൻതോപ്പുകളിലും ഓരോ പ്രവർത്തനവും നേരത്തെ തന്നെ ആസൂത്രണം ചെയ്തു തീരുമാനിക്കപ്പെടുന്നത് കൊണ്ട് ആവശ്യമായ സമയത്ത് ഓടി നടക്കേണ്ടിവരുന്നില്ല. എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതവും ശാസ്ത്രീയവുമായി നടപ്പിലാക്കപ്പെടും. ചെലവ് ഗണ്യമായി കുറയുകയും ചെയ്യുന്നു.

ഇപ്പോൾ നടപ്പിലാക്കുന്ന ക്ലസ്റ്റർ പദ്ധതിയിൽ 25 മുതൽ 50 ഹെക്ടർ വരെയുള്ള ഭൂപ്രദേശത്തെ ഒരു ക്ലസ്റ്റർ പ്രദേശമായി കണക്കാക്കുന്നു. 25 ഹെക്ടറുള്ള ഒരു തെങ്ങിൻതോപ്പ് നൂറോ നൂറ്റിഅമ്പതോ കർഷകരുടെ ഭൂമിയായിരിക്കും. റോഡ്, തോട്, പുഴ, ഇടവഴികൾ പോലുള്ള ഭൂമിശാസ്ത്രപരമായ അതിരുകൾ തന്നെയായിരിക്കും ഓരോ ക്ലസ്റ്ററിനുമുണ്ടാകുക. ഈ ഭൂപ്രദേശം പ്രവർത്തന സൗകര്യങ്ങൾ കണക്കിലെടുത്ത് അഞ്ചു ഹെക്ടർ വീതമുള്ള അഞ്ചു ഗ്രൂപ്പുകളാക്കുന്നു. ഇത്തരത്തിലുള്ള ഗ്രൂപ്പുകളുടെ കൂട്ടായ്മയാണ് ക്ലസ്റ്റർ എന്നറിയപ്പെടുന്നത്.

എസ്റ്റേറ്റ് മാനേജറുടെ ദൗത്യവും ഉത്തരവാദിത്തവുമായി ക്ലസ്റ്റർ കൺവീനർ, ജോയിന്റ് കൺവീനർ തുടങ്ങിയവരുണ്ടാകും. ഇവർക്കു പുറമെ ഓരോ ഗ്രൂപ്പിനും കൺവീനർമാരും മറ്റു ഭാരവാഹികളുമുണ്ടായിരിക്കും. ക്ലസ്റ്ററിന്റെ ജനറൽ ബോഡി യോഗം വർഷത്തിൽ ഒന്നോ രണ്ടോ തവണയേ ചേരൂ. എന്നാൽ ഗ്രൂപ്പിന്റെ ജനറൽബോഡി മാസത്തിൽ ഒരു തവണയെങ്കിലും ചേരും. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ചേരുന്ന ഗ്രൂപ്പ് ജനറൽബോഡി ഒരുവർഷത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കും. മുറിച്ചുമാറ്റേണ്ട തെങ്ങുകൾ, ജൈവ വളങ്ങൾ, കുമ്മായം, രാസവളങ്ങൾ, ഇടവിളകൾക്കാവശ്യമായ നടീൽ വസ്തുക്കൾ തുടങ്ങി തെങ്ങുമായി ബന്ധപ്പെട്ടു വരുന്ന പൊതുവായ കാര്യങ്ങൾ ഈ യോഗത്തിൽ തീരുമാനിക്കപ്പെടും. തൊഴിലാളികളുടെ എണ്ണം, ലഭ്യത, തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം, വിവിധ യന്ത്രങ്ങളുടെ ആവശ്യകത, ചെലവ്, ഇടവിളകൃഷി, മണ്ണ്-ജലസംരക്ഷണം, വളപ്രയോഗം, കാർഷിക വായ്പ, കാർഷികോൽപ്പന്നങ്ങളുടെ വിപണനം, ഉൽപന്ന സംസ്ക്കരണം മുതലായ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതും ഇത്തരം ജനറൽ ബോഡിയോഗമായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ രൂപരേഖ തയാറാക്കുകയും ചെയ്യും. ഇത്തരം പ്രവർത്തനങ്ങൾ പൂർണ്ണമായോ ഓരോ ക്ലസ്റ്ററിന്റെയും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭാഗികമായോ നടപ്പിലാക്കാൻ സാധിക്കും. ഫലത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന നാളികേര കർഷകന് സ്വപ്നം കാണാൻ പോലും കഴിയാത്ത കാര്യങ്ങൾ സമയാസമയങ്ങളിൽ ശാസ്ത്രീയമായി തന്നെ നടപ്പിലാക്കാൻ സാധിക്കും.

ഉൽപാദനോപാധികൾ സംഘടിപ്പിക്കാനുള്ള പ്രയാസം, അവകൊണ്ടുവരാനുള്ള ചെലവ്, പ്രാരാബ്ധങ്ങൾക്കിടയിൽ ഓരോ കാര്യവും പിന്നീടേക്ക് മാറ്റിവെക്കുന്ന അവസ്ഥ എന്നിവയൊക്കെ ക്ലസ്റ്റർ സംവിധാനത്തിലൂടെ പരിഹരിക്കാൻ സാധിക്കും.

മാത്രമല്ല നാളികേര വികസനബോർഡ്, കൃഷിവകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയിലെ വികസനഫണ്ട് ക്ലസ്റ്റർ പ്രദേശങ്ങളിലേക്ക് സമയാസമയങ്ങളിൽ എത്തിക്കുവാനും എളുപ്പം സാധിക്കും. ആവശ്യമെന്ന് തോന്നുകയാണെങ്കിൽ ക്ലസ്റ്റർ ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം, 'ആത്മ' പോലുള്ള പദ്ധതികൾ വഴി നൽകാനും സാധിക്കും. അംഗങ്ങളിൽ നിന്നും സ്വരൂപിച്ചെടുക്കുന്ന തുക കൊണ്ട് ക്ലസ്റ്റർ ഭാരവാഹികളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾക്ക് വേതനം നൽകി അയാളുടെ സേവനം കൂടുതൽ ഉത്തരവാദിത്തപരമാക്കാനും സാധിക്കും. കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ, ഇത്തരം കൂട്ടായ്മ ഏറെ ഫലം ചെയ്യും എന്നുറപ്പാണ്.



**കെ.പി. ജയരാജൻ**
ഡപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ, കണ്ണൂർ